# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

04.02.2019-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 1268

## ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഗവണ്മെന്റ് പ്രൈമറി സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ വ്യാപകമായി വരുന്ന പ്രവണതയുണ്ടോ; | (എ) ഇല്ല. 22.05.2012 തീയതിയിലെ സ.ഉ. (കൈ) നം. 156/2012/പൊ.വി.വ. പ്രകാരം രണ്ട് മലയാളം ഡിവിഷനുകൾ ഉള്ള 1, 5, 8 ക്ലാസ്സുകളിൽ അതിൽ ഒന്ന് ഇംഗ്ലീഷ് മീഡിയമായി പ്രവർത്തിക്കുവാൻ അനുമതിയുണ്ട്. |
| (ബി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ഉള്ള ഗവണ്മെന്റ് സ്കൂളുകളിൽ മലയാളം മീഡിയം ഡിവിഷനുകളിൽ പഠിച്ചാൽ വിദ്യാർത്ഥികൾക്ക് ശരിയായ വിധത്തിൽ അദ്ധ്യയനം ലഭിക്കില്ല എന്ന് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ ആശങ്ക വളരുന്ന സാഹചര്യമുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) മലയാളം മീഡിയം ഡിവിഷനുകളിലും ഇംഗ്ലീഷ് ഭാഷാപഠനം ഉൾപ്പെടെയുള്ള പഠന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലം കമ്മിറ്റി രൂപീകരിച്ച ഭാഷാ പഠന പദ്ധതി പ്രകാരമാണ് പഠന ക്രമങ്ങൾ നടന്നു വരുന്നത്. |

Hema. V

സെക്ഷൻ ഓഫീസർ